പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4786 — 05.02.2014 ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ എത്ര വിദ്യാലയങ്ങളിൽ പദ്ധതി നടപ്പിലാക്കുമെന്ന് അറിയിക്കുമോ; | (എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ 1355 വിദ്യാലയങ്ങളിൽ കാർഷിക വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്ത് ആകെ 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു വിദ്യാലയത്തിന് 4000 രൂപ എന്ന നിരക്കിൽ 100 ലക്ഷം രൂപയും പ്രവർത്തന ചെലവിനായി 1,000 രൂപ നിരക്കിൽ 25 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇത് പ്രകാരം കോഴിക്കോട് ജില്ലയിൽ 200 വിദ്യാലയങ്ങളിലാണ് സ്കൂൾ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കുന്നത്.<br>ഇത് കൂടാതെ പുരയിടങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ മൊത്തം സ്കൂൾ വിദ്യാർത്ഥികൾ മുഖേന 50 ലക്ഷം പച്ചക്കറി വിത്തുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ നിന്ന് 400 ലക്ഷം രൂപയും RKVY പദ്ധതിയിൽ നിന്ന് 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ 1155 വിദ്യാലയങ്ങൾ വഴി 98200 സീഡ്കിറ്റുകൾ പച്ചക്കറി വികസന പദ്ധതി വഴിയും 2,80,000 സീഡ്കിറ്റുകൾ RKVY വഴിയും സ്കൂൾ വിദ്യാർത്ഥികൾക്ക് ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ